**ബെന്നി കുര്യാക്കോസ്**
ആർക്കിടെക്ട്
ചെന്നൈ



# തിരക്കില്ലാത്ത അടുക്കള



വീട് പണിയുന്നവർക്ക് സാധാരണയായി ഉണ്ടാകുന്ന ഒരു തെറ്റുധാരണ അടിത്തറ വിസ്തീർണത്തെ (പ്ലിന്ത് ഏരിയ) സംബന്ധിച്ചുള്ളതാണ്. വീടിന്റെ ചെലവ് കുറയ്ക്കാൻവേണ്ടി പലരും പ്ലിന്ത് ഏരിയ കുറയ്ക്കുകയാണ് പതിവ്. ഒരു സ്ക്വയർഫീറ്റിന് 500 രൂപ ചെലവ് കണക്കാക്കപ്പെടുന്ന വീടിന്റെ കാര്യമെടുക്കുക. ആകെ 1,000 സ്ക്വയർ ഫീറ്റ് വീടാകുമ്പോൾ അഞ്ചു ലക്ഷം രൂപ ചെലവ് വരും. പത്തു ശതമാനം ചെലവ് ചുരുക്കാൻവേണ്ടി പലരും പ്ലിന്ത് ഏരിയ 900 ആയി കുറയ്ക്കും. പക്ഷേ, ഇതുകൊണ്ട് പ്രതീക്ഷിച്ച ഫലം ഉണ്ടാകില്ല. ഒരു മുറിയുടെ വിസ്തീർണം കുറച്ചാലും കതക്, ജനാല, വയറിങ്, പ്ലംബിങ് തുടങ്ങിയവയ്ക്കുവേണ്ടിവരുന്ന ചെലവ് കുറയ്ക്കാൻ കഴിയില്ലല്ലോ. വീട് നിർമാണം തുടങ്ങുന്നതിനുമുമ്പുതന്നെ അവരവരുടെ ആവശ്യങ്ങളെക്കുറിച്ച് ബോധവാനാവുകയാണ് വേണ്ടത്. എത്ര മുറി വേണം, ഓരോ മുറിയിലും എന്തൊക്കെ സൗകര്യങ്ങൾ വേണം എന്നിവയെക്കുറിച്ചൊക്കെ കൃത്യമായ ധാരണ ഉണ്ടാക്കണം. ഓരോ മൂലയും ഉപയോഗപ്രദമായി വീട് നിർമിക്കുക എന്ന രീതിക്ക് വളരെ വേഗം പ്രചാരം കിട്ടുന്നുണ്ട് ഇപ്പോൾ. മുറികളെ സംബന്ധിച്ചുള്ള പഴയ സങ്കല്പങ്ങളൊക്കെ മാറി.

## അടുക്കള ചെറുതാവുന്നു

നമ്മുടെ പഴയ വീടുകളിലെ അടുക്കള ഓർമയില്ലേ? വലിയ തിരക്കായിരിക്കും അവിടെ. ഒരാൾ നിലത്തിരുന്ന് തേങ്ങ തിരുമ്മും, ഒരു മുറത്തിന് ചുറ്റും രണ്ടു പേർ ഇരുന്ന് കറിക്ക് അരിയും, അടുപ്പിന് അടുത്ത് വേറെ ആളുകൾ.... പക്ഷേ, ഇപ്പോഴോ? അടുക്കളയിൽ ഇരിക്കാൻ ആർക്കും സമയമില്ല. നിന്നാണ് കൂടുതൽ ജോലികളും ചെയ്യുന്നത്. അതുപോലെ ആഹാരരീതികളിൽ വന്ന മാറ്റങ്ങളും അടുക്കളജോലികളെ അടിമുടി മാറ്റി. പാലും തൈരും ജ്യൂസും ടിൻ ഫുഡും സാധാരണമായി. വളരെക്കുറച്ച് സമയം

▸ എന്റെ വീട്
ഗൃഹലക്ഷ്മി
മാതൃഭൂമി എം.എം. പ്രസ്
ചെറൂട്ടി റോഡ്, കോഴിക്കോട്-1



**അടുക്കളയുടെ വിസ്തീർണം കുറച്ച്, കൂടുതൽ അലമാരകൾ നിർമിക്കുന്നതിന് ശ്രദ്ധ കൊടുക്കുകയാണിപ്പോൾ**

കൊണ്ട് പാകം ചെയ്യാവുന്ന വിഭവങ്ങൾ കൂടി വന്നു. ഇതെല്ലാം അടുക്കളയുടെ വലിപ്പം കുറച്ചു എന്നു പറയാം. പക്ഷേ, ധാരാളം റെഡി മെയ്ഡ് കിച്ചണുകളും, കിച്ചൻ കാബിനറ്റുകളും പ്രചാരം നേടി. മുറിയുടെ വിസ്തീർണം കുറച്ച് കൂടുതൽ അലമാരകൾ നിർമിക്കുന്നതിന് ശ്രദ്ധ കൊടുക്കുകയാണിപ്പോൾ. മുറിയുടെ വിസ്തീർണം കുറഞ്ഞെങ്കിലും കിച്ചൻ സ്ലാബിന്റെ നീളം കൂട്ടുന്നതുകൊണ്ട് നിന്ന് ജോലി ചെയ്യുന്നതിന് കൂടുതൽ സൗകര്യം കിട്ടും. കിച്ചൺ ക്യാബിനറ്റുകൾ നിർമിക്കാൻ അല്പം ചെലവു വന്നാലും മറ്റൊരു ലാഭമുണ്ട്; നമ്മുടെ പഴയ സ്റ്റോർ റൂമുകൾ ഒഴിവാക്കാനാവും. അടുക്കള തന്നെ സ്റ്റോർ റൂമാക്കി മാറ്റാം.

## യൂട്ടിലിറ്റി റൂം

മുമ്പൊക്കെ നാം വാഷിങ് മെഷീൻ വെച്ചിരുന്നത് ബാത്ത് റൂമിൽ ആയിരുന്നു. പക്ഷേ, ഇപ്പോൾ അടുക്കളയോടു ചേർന്ന് യൂട്ടിലിറ്റി റൂം എന്നൊരു മുറികൂടി നിർമിക്കാറുണ്ട്. ഇവിടെ വാഷിങ് മെഷീൻ പ്രവർത്തിപ്പിച്ചാൽ കുളിമുറിയിലേതിനേക്കാൾ ഇലക്ട്രിക്കൽ സംബന്ധമായ അപകടങ്ങൾ കുറഞ്ഞു കിട്ടും. തുണി ഇസ്തിരി ഇടാനും ഗ്രൈൻഡർ പ്രവർത്തിപ്പിക്കാനും മറ്റും ഈ മുറി ഉപയോഗിക്കുകയും ചെയ്യാം.

പാത്രം കഴുകുക, അരി അരയ്ക്കുക, തുടങ്ങി അടുക്കള വൃത്തികേടായേക്കാവുന്ന ജോലികളൊക്കെ യൂട്ടിലിറ്റി റൂമിൽ ചെയ്യാം. പാത്രം കഴുകുന്നതിനുള്ള വലിയ സിങ്ക് അടുക്കളയിൽ നിന്ന് ഒഴിവാക്കാനും കഴിയും.

### മാറ്റങ്ങൾ

- സ്റ്റോർ റൂം ഇല്ലാതാവുന്നു
- ടോയ്‌ലറ്റിൽ പ്രത്യേക ഷവർ ഏരിയ വരുന്നു
- മാസ്റ്റർ ബെഡ് റൂമിൽ നിന്ന് കുട്ടികളുടെ ബെഡ് റൂമിലേക്ക് ഒരു വാതിൽ തുറക്കുന്നു

## ഊണുമുറി അടുക്കളയിൽതന്നെ

അടുക്കളയിൽതന്നെ ഡൈനിങ് റൂം എന്ന സങ്കല്പത്തിന് അടുത്ത കാലത്തായി പ്രചാരം കൂടിവരുന്നുണ്ട്. പക്ഷേ, നേരത്തേ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി അടുക്കളയുടെ വിസ്തീർണം കൂട്ടേണ്ടിവരും. നമ്മുടെ പഴയ വീടുകളിൽ അടുക്കളയിൽതന്നെ ഇരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നല്ലോ പതിവ്. ഇത് വീട്ടമ്മമാർക്ക് എത്ര സൗകര്യമായിരിക്കും. അടുക്കളയിൽനിന്ന് ഭക്ഷണസാധനങ്ങൾ ഡൈനിങ് റൂമിലേക്ക് കൊണ്ടുപോകുന്ന ജോലി ഒഴിവാക്കാം. വിളമ്പുന്നതിനും മറ്റും വീട്ടിലുള്ള എല്ലാവരും പങ്ക് ചേരുകയും ചെയ്യും. കുട്ടികൾക്ക് രാവിലെ സ്കൂളിൽ പോകുന്നതിനുമുമ്പ് ഭക്ഷണം കഴിക്കാനും മറ്റും കൂടുതൽ സൗകര്യപ്രദമായിരിക്കും അടുക്കളയിലെ ഊൺമുറി.

വലിയ വിസ്തീർണമുള്ള ഡൈനിങ് റൂമുകൾ ഉള്ള ബിഗ് ബജറ്റ് വീടുകളിൽപോലും അടുക്കളയിൽ ഫാമിലി ഡൈനിങ് റൂമിനുള്ള സജ്ജീകരണം ഒരുക്കാറുണ്ട്.



**കുളിമുറിക്കുള്ളിൽ അരഭിത്തികൊണ്ടോ, കർട്ടൻ കൊണ്ടോ ഒരു ക്യൂബിക്കായോ ഷവർ ഏരിയ വേർതിരിക്കാം.**

## ടോയ്‌ലറ്റിൽ ഷവർ ഏരിയ

കുളിമുറികൾക്കുള്ളിൽതന്നെ കുളിക്കാനായി ഒരു ഭാഗം (ഷവർ ഏരിയ) ഉണ്ടാക്കുന്നു എന്നതാണ് പുതിയ രീതി. കുളിമുറിക്കുള്ളിൽ അരഭിത്തികൊണ്ടോ, കർട്ടൻ കൊണ്ടോ ഒരു ക്യൂബിക്കായോ ഷവർ ഏരിയ വേർതിരിക്കാം. ഇങ്ങനെയാകുമ്പോൾ ഷവർ ഏരിയയിൽ മാത്രം വാൾ ടൈൽ ഉപയോഗിച്ചാൽ മതി എന്ന ലാഭം ഉണ്ട്. ഇത് ചെലവ് കാര്യമായി കുറയ്ക്കും. ഇങ്ങനെയുണ്ടാകുന്ന ലാഭം കൊണ്ട് ടോയ്‌ലറ്റിന്റെ വിസ്തീർണം കൂട്ടാനും കഴിയും.

വസ്ത്രങ്ങൾ മാറുന്നതിനും ചെറിയ മേക്കപ്പ് നടത്തുന്നതിനും കുളിമുറി ഉപയോഗിക്കുകയും ചെയ്യാം. ഷവർ ഏരിയ ഒഴിച്ചുള്ള ഭാഗത്ത് വെള്ളം വീഴാത്തതിനാൽ ബാത്ത് റൂം എന്ന ഫീലിങ് ഉണ്ടാവില്ല. നല്ല പെയിന്റിങ്ങുകൾ തൂക്കി ഇവിടം ആകർഷകമാക്കുകയും ചെയ്യാം.

## ബെഡ് റൂം

ഒരു വീടിന്റെ പ്രധാന മുറിയാണ് മാസ്റ്റർ ബെഡ് റൂം. അച്ഛനമ്മമാർക്കും തീരെ ചെറിയ കുട്ടികൾക്കും ഒന്നിച്ചു ഉറങ്ങാൻ പാകത്തിലാണ് ഇപ്പോൾ മാസ്റ്റർ ബെഡ് റൂം ഡിസൈൻ ചെയ്യുന്നത്. കുട്ടികൾ വളരുമ്പോൾ അവർക്ക് കിടക്കാൻവേണ്ടി മാസ്റ്റർ ബെഡ് റൂമിനോട് ചേർന്ന് മറ്റൊരു ബെഡ് റൂം പണിയുന്ന രീതിയും നിലവിലുണ്ട്. മാസ്റ്റർ ബെഡ് റൂമിൽനിന്ന് കുട്ടികളുടെ കിടപ്പുമുറിയിലേക്ക് ഒരു വാതിൽ വെച്ചാൽ അവരെ കൂടുതൽ ശ്രദ്ധിക്കാൻ കഴിയും. കമ്പ്യൂട്ടർ, ടിവി, ഹോംതിയേറ്റർ സിസ്റ്റം എന്നിവ ബെഡ് റൂമിൽ സ്ഥാപിക്കുന്ന രീതി കൂടിവരുന്നുണ്ട്. അച്ഛനും അമ്മയും കുട്ടികളും തമ്മിൽ നല്ല സൗഹൃദം വളർത്താൻ ഇത് ഉപകരിക്കും.

നമ്മുടെ മിക്ക വീടുകളിലും കുടുംബനാഥന് പ്രത്യേക ഓഫീസ് റൂം ഉണ്ടാകും. എന്നാൽ വീട്ടമ്മമാർക്ക് സ്വന്തമായി അല്പം സ്ഥലം വീടിനുള്ളിൽ ഉണ്ടാകാറില്ല. അടുത്ത കാലത്തായി മാസ്റ്റർ ബെഡ് റൂമിൽ വീട്ടമ്മമാർക്ക് വേണ്ടി ഒരു മേശയും കസേരയും ഇടാനുള്ള സ്ഥലമെങ്കിലും നീക്കിവെയ്ക്കാറുണ്ട്.